## സന്ദേശനിലയം
### ചങ്ങനാശ്ശേരി

# വിശ്വാസോത്സവം – 2026

## ശിശു വിഭാഗം

# അധ്യാപകസഹായി

VISWASOLSAV
INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

# പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

സീറോമലബാർസഭ സമുദായ വർഷം ആചരിക്കുന്ന പശ്ചാത്തലത്തിൽ ഈ വർഷത്തെ വിശ്വാസോത്സവം ഏറെ പ്രത്യേകതയുള്ളതാണ്. സഭാത്മകമായ കാഴ്ചപ്പാടിലൂന്നിയ സമുദായ അവബോധമാണ് നമുക്ക് കരണീയം. കാലങ്ങളും നൂറ്റാണ്ടുകളും മാർ ത്തോമാ നസ്രാണികൾ ചരിച്ച മാർഗ്ഗത്തെ ശോഷണം കൂടാതെ തലമുറകളിലേക്ക് സന്നിവേശിപ്പിക്കാൻ പ്രതിജ്ഞാബദ്ധരാണ് നമ്മൾ എന്ന പ്രഖ്യാപനം ഈ വർഷത്തെ വിശ്വാസോത്സവത്തിൽ ഉയർത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പൈതൃകവും പാരമ്പര്യവും അഭിമാനബോധത്തോടെ കൊണ്ടുനടക്കുന്ന വ്യക്തികളായി വിശ്വാസപരിശീലനം നേടുന്ന നമ്മുടെ കുട്ടികളെ രൂപപ്പെടുത്തുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

1. വിശ്വാസോത്സവത്തിന്റെ ദിവസങ്ങളിൽ ദൈവാലയത്തിലും ക്ലാസ്സുകൾ നടക്കുന്ന ഇടങ്ങളിലും **വി. ഗ്രന്ഥം പ്രത്യേകമായി പ്രതിഷ്ഠിക്കുന്നത് നന്നായിരിക്കും.**
2. ചില പ്രവർത്തനങ്ങൾ വി. ഗ്രന്ഥം ഉപയോഗിച്ചുള്ളതായതിനാൽ ക്ലാസ്സുകളിൽ കുട്ടികളുടെ പക്കൽ വി. ഗ്രന്ഥം ഉണ്ടായിരിക്കണം.
3. വിശ്വാസോത്സവ ദിനങ്ങളിലെ ക്രമീകരണങ്ങളിൽ ഇടവകയിലെ മറ്റ് സംഘടനകളുടെ സാന്നിദ്ധ്യവും സഹകരണവും ഉൾപ്പെടുത്തുന്നത് ഇടവക മുഴുവന്റെയും ഒരു പരിശീലന അവസരമാക്കാൻ (Intergenerational Catechesis) ഉപകരിക്കും.
4. വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപക സഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതി ഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**ഫാ. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ഒന്നാം ദിവസം

**ഗാനം**

ഈശോമിശിഹായ്ക്ക്
സ്തുതിയായിരിക്കട്ടെ
ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.
പ്രപഞ്ച സ്രഷ്ടാവാം ദൈവമേ
ആരാധന ...........
പ്രപഞ്ചനാഥനാം ഈശോയെ
ആരാധന ...........
പ്രപഞ്ച പാലകനാത്മാവേ
ആരാധന ...........
അനുഗ്രഹിക്കൂ നിൻ മക്കളെ
ആരാധിക്കാൻ അണയും ഞങ്ങൾ
അപദാനമേറ്റേറ്റ് പാടാം. (ഈശോമിശിഹായ്ക്ക്...)

**ആക്ടിവിറ്റി**

ഭാഷാ ചാരുത കൊണ്ടും പ്രായോഗികത കൊണ്ടും പൗരാണിക ലോകത്തിന് ഏറെ പ്രിയപ്പെട്ട ഭാഷയാണ് സെമറ്റിക് ഭാഷകളിൽ പ്രമുഖ സ്ഥാനമുള്ള സുറിയാനി. ദൈവപുത്രനായ ഈശോമിശിഹാ മനുഷ്യാവതാരം ചെയ്തു ലോകത്തിനു വെളിപ്പെടുത്തിയ മാധ്യമവും അറമായ അഥവാ സുറിയാനി ആയിരുന്നു. ഈ സുറിയാനി ഭാഷയിൽ ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ എന്ന് നമ്മുടെ കുട്ടികളെ പഠിപ്പിച്ചാലോ. (അധ്യാപികയുടെ സഹായത്തോടെ കുട്ടികളെകൊണ്ട് ഉച്ചത്തിൽ സുറിയാനിയിൽ ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ എന്ന് പറയുക)

**നെശ്തബ്ബഹ് ഈശോമ്ശീഹ**
(ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ)
**നെശ്തബ്ബഹ് ഹാശാ വബ്കൊൽസവൻ**
(ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ)

## രണ്ടാം ദിവസം

**ഗാനം**

ഹീറോ ഞാനൊരു ഹീറോ ഈശോയിൽ ഞാൻ ഹീറോ
ഈശോ എന്റെ ഉള്ളിൽ
വന്നാൽ ഞാനൊരു സൂപ്പർ ഹീറോ
ലക്ക ലക്ക ലക്ക ലക്ക ലക്ക
ജും ജുമ്പറ ജുമ്പറ ലക്ക ലക്ക (2)

സീറോ ഞാനൊരു സീറോ ഈശോയില്ലേൽ സീറോ
ഈശോ എൻറെ ഉള്ളിൽ ഇല്ലേൽ ഞാനൊരു വെറും സീറോ
ലക്ക ലക്ക ലക്ക ലക്ക ലക്ക
ജും ജുമ്പറ ജുമ്പറ ലക്ക ലക്ക (2)

**ആക്ടിവിറ്റി**

**മദ്ബഹയിലേക്കുള്ള വിശുദ്ധ പാത**
**തയ്യാറെടുപ്പുകൾ**

**വിശുദ്ധ സ്ഥലം :** മുറിയുടെ ഒരു വശത്തെ 'മദ്ബഹ' അഥവാ പള്ളിയുടെ ഉള്ളിലെ പ്രധാന സ്ഥലമായി സങ്കൽപ്പിക്കുക.

**ചെരുപ്പ് മാറ്റുന്ന സ്ഥലം :** മദ്ബഹയ്ക്ക് കുറച്ച് മീറ്റർ അകലെ ഒരു അടയാളമോ മാറ്റോ വെക്കുക. ഇതിനെ പള്ളിയുടെ പ്രവേശന കവാടമായി നിശ്ചയിക്കാം.

**പ്രവർത്തന കാർഡുകൾ :** താഴെ പറയുന്ന വാക്കുകൾ ചെറിയ കാർഡുകളിൽ എഴുതി തയ്യാറാക്കുക:

**''മുട്ടുകുത്തുന്നു, കുരിശ് വരയ്ക്കുന്നു, കുമ്പിടുന്നു''**

**2. പ്രവർത്തനം**

**ഘട്ടം 1 : പ്രവേശനം** (ചെരുപ്പ് മാറ്റൽ)

**അധ്യാപിക പറയുന്നു :** 'കുഞ്ഞുങ്ങളേ, നിങ്ങളുടെ ചെരുപ്പുകൾ അഴിച്ചുമാറ്റു, നിങ്ങൾ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്'

**ചെയ്യേണ്ടത് :** കുട്ടികൾ വേഗത്തിൽ തങ്ങളുടെ ചെരുപ്പുകൾ മാറ്റുന്നതായി അഭിനയിക്കുകയോ (*അല്ലെങ്കിൽ* യഥാർത്ഥത്തിൽ മാറ്റുകയോ) ചെയ്തുകൊണ്ട് നിശ്ചയിച്ച വര കടന്ന് 'വിശുദ്ധ സ്ഥല ത്തേക്ക്' പ്രവേശിക്കണം.

**ഘട്ടം 2 : അടയാളങ്ങൾ**

വിശുദ്ധ സ്ഥലത്ത് പ്രവേശിച്ചു കഴിഞ്ഞാൽ അധ്യാപിക താഴെ പറയുന്ന മൂന്ന് കാര്യങ്ങളിൽ ഒന്ന് ഉറക്കെ വിളിച്ചു പറയും. കുട്ടി കൾ അതനുസരിച്ച് പ്രവർത്തിക്കണം :

**'മുട്ടുകുത്തുന്നു':** കുട്ടികൾ ഉടൻ തന്നെ മുട്ടുകുത്തണം.
**'കുരിശ് വരയ്ക്കുന്നു':** കുട്ടികൾ ഭക്തിപൂർവ്വം കുരിശ് വരയ്ക്കണം.
**'കുമ്പിടുന്നു':** കുട്ടികൾ തല വണങ്ങി ആദരവ് പ്രകടിപ്പിക്കണം.

***ശ്രദ്ധിക്കുക :*** ആരെങ്കിലും തെറ്റായ പ്രവർത്തനം ചെയ്താൽ അവർ വീണ്ടും 'ചെരുപ്പ് മാറ്റുന്ന സ്ഥലത്തേക്ക്' മടങ്ങിപ്പോയി കളി ആദ്യം മുതൽ ആരംഭിക്കേണ്ടതാണ്.

ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം: പള്ളിയിലെ ആചാരങ്ങൾ കുട്ടി കൾക്ക് ഹൃദിസ്ഥമാക്കുകയും, വിശുദ്ധമായ ഇടങ്ങളിൽ പാലിക്കേണ്ട അച്ചടക്കം അവരെ പഠിപ്പിക്കുകയും ചെയ്യുക.

## മൂന്നാം ദിവസം

**ഗാനം**

എന്റെ കൂടെ ഈശോയുണ്ട് ഞാനെന്തിനു ഭയപ്പെടണം
എന്റെ കൂടെ ഈശോയുണ്ട് ഞാനെന്തിനു ദുഃഖിക്കണം
ഭൂമി കുലുങ്ങട്ടെ ആകാശം വീഴട്ടെ ഞാനെന്തിനു ഭയന്നോടണം (2)
ലാലല്ലലാലാ....ലാലല്ലലാലാ (2)
(എന്റെ കൂടെ ഈശോയുണ്ട്)

ഈശോ എന്റെ ഉള്ളിൽ വന്നു ഉള്ളം തുള്ളി തുള്ളി കളിച്ചു (2)
പഞ്ഞിപോലെ എന്റെ ഭാരമെങ്ങുപോയി (2)
പൊങ്ങി പൊങ്ങി
പാറിപറന്നു (2)
ലാലല്ലലാലാ....ലാലല്ലലാലാ (2)
(എന്റെ കൂടെ ഈശോയുണ്ട്)

**ആക്ടിവിറ്റി**

**നിധിശേഖരം**

മാമ്മോദീസായിലെ പ്രധാന പ്രതീകങ്ങളായ വെള്ളക്കുപ്പായം, തിരി, കിരീടം എന്നിവയുടെ അർത്ഥം കുട്ടികൾക്ക് ഈ പ്രവർത്തനത്തിലൂടെ ലളിതമായി പഠിക്കാം.

**ഒരുക്കം**

മാമ്മോദീസയിലെ മൂന്ന് പ്രധാന അടയാളങ്ങളെയും അവയുടെ അർത്ഥത്തെയും തിരിച്ചറിയുക.

**ആവശ്യമായ സാധനങ്ങൾ :** വെള്ളക്കുപ്പായം (അല്ലെങ്കിൽ വെളുത്ത തുണി), മെഴുകുതിരി, ഒരു ചെറിയ കിരീടം (കടലാസ് കൊണ്ട് നിർമ്മിച്ചത്). ഇവ ലഭ്യമല്ലെങ്കിൽ ഇവയുടെ ചിത്രങ്ങൾ ഉപയോഗിക്കാം.

**സജ്ജീകരണം :** മുറിയുടെ മൂന്ന് വ്യത്യസ്ത സ്ഥലങ്ങളിൽ ഈ വസ്തുക്കൾ ഒളിപ്പിച്ചു വെക്കുക.

**പ്രവർത്തനം**

**ഘട്ടം 1 : നിധി കണ്ടെത്തൽ**

കുട്ടികളെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനും ഓരോ വസ്തു കണ്ടെത്താനുള്ള സൂചനകൾ അധ്യാപിക നൽകുന്നു:

**സൂചന 1 :** 'നമ്മുടെ പാപങ്ങൾ കഴുകിക്കളഞ്ഞ് ലഭിക്കുന്ന വെണ്മയുള്ള വസ്ത്രം എന്താണ്'? (ഉടുപ്പ്)

**സൂചന 2 :** 'ലോകത്തിന്റെ പ്രകാശമാണ് ഈശോയെന്ന് കാണിച്ചുതരുന്നത് എന്ത്? (തിരി)

**സൂചന 3 :** 'മാമ്മോദീസയിലൂടെ നമുക്ക് ലഭിക്കുന്ന രാജകീയ പദവിയുടെ അടയാളം എന്താണ്? (കിരീടം)

ഓരോ ഗ്രൂപ്പും അവർ കണ്ടെത്തിയ വസ്തുവുമായി വരികയും അധ്യാപികയോടൊപ്പം ചേർന്ന് അതിന്റെ അർത്ഥം ഉറക്കെ പറയുകയും വേണം:

**ഉടുപ്പ് :** 'ഇത് പരിശുദ്ധമായ ജീവിതത്തെ സൂചിപ്പിക്കുന്നു'

**തിരി :** 'ഇത് പ്രകാശമായ ഈശോയെ സൂചിപ്പിക്കുന്നു'

**കിരീടം :** 'ഇത് ഈശോയോടൊപ്പമുള്ള മഹത്വത്തെ സൂചിപ്പിക്കുന്നു'

മാമ്മോദീസായിലൂടെ ലഭിക്കുന്ന പുതിയ ജീവിതത്തെയും അതിന്റെ വിശുദ്ധിയെയും കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുക.

## നാലാം ദിവസം

**ഗാനം**

അഞ്ചു കല്ലെടുത്തുവച്ചു പാഞ്ഞുവന്ന ദാവീദ്
ഒറ്റയേറു ദാ കിടക്കണു ഗോലിയാത്ത് (2)
എ ലെ ലേ... എ ലെ ലേ... (2)

ജോഷുവേയും കൂട്ടുകാരും
ഏഴുകാഹളങ്ങൾ കയ്യിലേന്തിയും
കോട്ട ചുറ്റി നടന്നു ഹേ ഹേ ഹേ
ഏഴു വട്ടം നടന്നു ഹോ ഹോ ഹോ
ഏഴുവട്ടം ഊതിയപ്പോൾ കോട്ടമതിൽ തകർന്നു

അഞ്ചപ്പം രണ്ടു മീനും
ഈശോ വാഴ്ത്തിയതു പ്രാർത്ഥിച്ചപ്പോൾ
അയ്യായിരം പേര് ഹേ ഹേ ഹേ
തൃപതരായി തീർന്നു ഹോ ഹോ ഹോ
ബാക്കിയപ്പം പന്ത്രണ്ടു കുട്ടകളിൽ നിറച്ചു
(അഞ്ചു കല്ലെടുത്തുവച്ചു പാഞ്ഞുവന്ന ദാവീദ്)

**ആക്ടിവിറ്റി**

**പന്തക്കുസ്താ പസിൽ**

സഭയുടെ ജന്മദിനമായ പന്തക്കുസ്തയെ ആസ്പദമാക്കിയുള്ള പ്രവർത്തനമാണിത്.

പരിശുദ്ധാത്മാവിന്റെ പ്രതീകമായ 'തീനാവുകളുടെ' ആകൃതിയിൽ 50 കടലാസ് (എണ്ണം ആവശ്യത്തിനനുസരിച്ച് കൊടുക്കാം). കഷ്ണങ്ങൾ വെട്ടിയെടുത്ത് മുറിയിൽ പലയിടത്തായി ഒളിപ്പിച്ചു വെക്കുക.

**പ്രവർത്തനം**

കുട്ടികൾ ഈ തീനാവുകൾ കണ്ടെത്തണം. ഇതിൽ 10 എണ്ണത്തിന് പിന്നിൽ ഓരോ അക്ഷരങ്ങൾ വീതം എഴുതിയിരിക്കണം. അവ ക്രമ

ത്തിൽ അടുക്കി വെക്കുമ്പോൾ 'പന്തക്കുസ്ത' എന്ന വാക്ക് ലഭിക്കണം.

പരിശുദ്ധാത്മാവ് ശിഷ്യന്മാരെ ഒരുമിപ്പിച്ചതുപോലെ, ചിതറിക്കിടക്കുന്ന അക്ഷരങ്ങൾ ചേർന്ന് ഒരു അർത്ഥവത്തായ വാക്കായി മാറുന്നു.

**കണക്കും തൊപ്പിയും (ബൈബിൾ ക്വിസ്)**

ബുദ്ധിശക്തിയും ബൈബിൾ അറിവും പരിശോധിക്കുന്ന പ്രവർത്തനമാണിത്.

**ചെയ്യേണ്ട രീതി :** വലിയൊരു ചാർട്ടിൽ തലയിൽ കണക്കുകളുള്ള തൊപ്പി ധരിച്ച രൂപങ്ങൾ വരയ്ക്കുക

(ഉദാഹരണത്തിന് : 10-1, 2+1). ശരിയായ ഉത്തരങ്ങൾ (9,3 എന്നിങ്ങനെ) വട്ടത്തിൽ വെട്ടിയെടുത്ത് കുട്ടികൾക്ക് നൽകുക.

ഒന്നാം ക്ലാസ്സുകാർക്കുള്ള ലളിതമായ ബൈബിൾ കണക്കുകൾ അധ്യാപകർക്ക് ഈ ചോദ്യങ്ങൾ ചോദിക്കുമ്പോൾ ആംഗ്യങ്ങളിലൂടെയോ ചിത്രങ്ങളിലൂടെയോ (ഉദാഹരണത്തിന് വിരലുകൾ കാണിച്ചോ) കുട്ടികളെ സഹായിക്കാവുന്നതാണ്.

**ചോദ്യം 1 :** ദൈവം നമുക്ക് നൽകിയ കൽപ്പനകൾ എത്രയാണ്? അതിൽ നിന്നും ഒന്ന് കുറച്ചാൽ എത്ര കിട്ടും?

സൂചന : (10 കൽപ്പനകൾ)

കണക്ക് : 10 - 1 = 9

ഉത്തരം : 9

**ചോദ്യം 2 :** നോഹയുടെ പെട്ടകത്തിൽ എത്ര മൃഗങ്ങൾ വീതമാണ് കയറിയത്? ആ എണ്ണത്തിനോട് ഒന്ന് കൂട്ടിയാൽ എത്ര?

സൂചന : (2 മൃഗങ്ങൾ വീതം)

കണക്ക് : 2 + 1 = 3

ഉത്തരം : 3

**ചോദ്യം 3 :** ഒരു കയ്യിലെ വിരലുകളുടെ എണ്ണവും ഈശോ കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ദിവസ ദിവസങ്ങളും കൂട്ടിയാൽ എത്ര കിട്ടും?

സൂചന : (5 വിരലുകൾ + 3)

കണക്ക് : 5 + 3 = 8

ഉത്തരം : 8

**ചോദ്യം 4 :** ബൈബിളിലെ സുവിശേഷങ്ങൾ എത്രയാണ്? ആ എണ്ണത്തിൽ നിന്നും രണ്ട് കുറച്ചാൽ എത്ര?

സൂചന : (4 സുവിശേഷങ്ങൾ - വിശുദ്ധ മത്തായി, വിശുദ്ധ മർക്കോസ്, വിശുദ്ധ ലൂക്കാ, വിശുദ്ധ യോഹന്നാൻ)

കണക്ക് : 4 - 2 = 2

ഉത്തരം : 2

**ചോദ്യം 5 :** ആദവും ഹവ്വയും ചേർന്നാൽ എത്ര പേരായി? അവരോടൊപ്പം ദൈവം കൂടി ചേർന്നാൽ ആകെ എത്ര പേർ ?

സൂചന : (2 + 1)

കണക്ക് : 2 + 1 = 3

ഉത്തരം : 3

**അധ്യാപകർ ശ്രദ്ധിക്കാൻ :**

**പ്രോത്സാഹനം :** ശരിയായ ഉത്തരം പറയുന്ന കുട്ടിയെക്കൊണ്ട് തന്നെ ആ നമ്പറുള്ള തൊപ്പി രൂപത്തിന്റെ തലയിൽ വെപ്പിക്കുക.

## അഞ്ചാം ദിവസം

**ഗാനം**

ചങ്ക് ചക്കച്ചാ, ചങ്ക് ചക്കച്ചാ
ചങ്ക് ചക്കച്ചാ, ചക്ക് ചങ്ക്
ചക്കച്ചാ ചങ്ക് ചക്കച്ചാ, ചങ്ക്
ചക്കച്ചാചങ്ക് ചക്കച്ചാ, ചക്ക് ചങ്ക് ചക്കച്ചാ
കർത്താവു നിന്നെ നിരന്തരം നയിക്കും
ചങ്ക് ചക്കച്ചാ, ചങ്ക്ചക്കച്ചാ
മരുഭൂമിയിലും സമൃദ്ധി നൽകും
ചങ്ക് ചക്കച്ചാ, ചക്ക് ചങ്ക് ചക്കച്ചാ
കർത്താവു നിന്നെ നിരന്തരം നയിക്കും
മരുഭൂമിയിലും സമൃദ്ധി നൽകും
അധികബലം നിന്റെ അസ്ഥികൾക്കേകും
അധികബലം നിന്റെ അസ്ഥികൾക്കേകും
നനച്ചു വളർത്തിയ പൂന്തോട്ടം പോലെ
ഒരിക്കലും വറ്റാത്ത തേനരുവി പോലെ
നനച്ചു വളർത്തിയ പൂന്തോട്ടം പോലെ
ഒരിക്കലും വറ്റാത്ത തേനരുവി പോലെ
നീ..യായി തീരും
തേ..നരുവി പോലായി തീരും
നീ..യായി തീരും
തേ..നരുവി പോലായി തീരും

**ആക്ടിവിറ്റി**

**ക്ഷമയുടെ പാത**

ധൂർത്തപുത്രന്റെ ഉപമ, ദൈവസ്നേഹം, ക്ഷമ എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ പ്രവർത്തനം.

**ലക്ഷ്യം :** പടിപടിയായുള്ള പ്രവർത്തനങ്ങളിലൂടെ 'ദൈവം ക്ഷമിക്കുന്ന ഇടം' (കുമ്പസാരക്കൂട്) കണ്ടെത്തുക.

**ആവശ്യമായ സാധനങ്ങൾ :** പേപ്പർ, പേന, അക്ഷരങ്ങൾ എഴു

തിയ കാർഡുകൾ, കണ്ണുകെട്ടാൻ ആവശ്യമായ തുണി.

**ധൂർത്തപുത്രന്റെ മടക്കയാത്ര**

ധൂർത്തപുത്രൻ തന്റെ പിതാവിനെ തേടി വരുന്നതിനെ ഈ പ്രവർത്തനം സൂചിപ്പിക്കുന്നു.

**പ്രവർത്തനം :** കുട്ടികളെ രണ്ട് ഗ്രൂപ്പുകളായി തിരിക്കുക. തടസ്സങ്ങൾ നിറഞ്ഞ ഒരു പാതയിലൂടെ ഓരോ ഗ്രൂപ്പിലെയും ഓരോരുത്തർ കണ്ണുകെട്ടി നടക്കണം. ഗ്രൂപ്പിലെ മറ്റുള്ളവർക്ക് ശബ്ദത്തിലൂടെ വഴി പറഞ്ഞുകൊടുക്കാം. ഇത് വഴിതെറ്റിപ്പോയ ധൂർത്തപുത്രനെ പിതാവ് സ്നേഹത്തോടെ വഴി നടത്തുന്നതിനെ സൂചിപ്പിക്കുന്നു.

**സന്ദേശം :** 'സ്നേഹം സകലതും ക്ഷമിക്കുന്നു'

**അക്ഷരക്കൂട്ടിലെ രഹസ്യം**

അക്ഷരങ്ങൾ വലിപ്പത്തിനനുസരിച്ച് ക്രമീകരിച്ച് ഒരു വാക്ക് കണ്ടെത്തുന്ന രീതിയാണിത്.

**പ്രവർത്തനം :** ര, മ്പ, സാ, കു, ക്കൂ, ട് എന്നീ അക്ഷരങ്ങൾ വെവ്വേറെ കാർഡുകളിൽ എഴുതി നൽകുക.

ഈ അക്ഷരങ്ങൾ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ (ചെറുതിൽ നിന്ന് വലുതിലേക്ക്) ശരിയായി അടുക്കി വെച്ച് 'കുമ്പസാരക്കൂട്' എന്ന വാക്ക് കണ്ടെത്തണം.

**ബൈബിൾ ചോദ്യം :** 'ദൈവം നമ്മുടെ പാപം ക്ഷമിക്കുന്ന ഒരിടം പള്ളിയിലുണ്ട്. അത് ഏതാണ്' ?

**ഉത്തരം : കുമ്പസാരക്കൂട്.**

**സ്നേഹസംവാദം**

**അധ്യാപിക :** കുട്ടികളോട് താഴെ പറയുന്ന ചോദ്യം ചോദിക്കുന്നു

'നമ്മൾ തെറ്റു ചെയ്താൽ ദൈവം നമ്മോട് എങ്ങനെയാകും ക്ഷമിക്കുക' ?

**മറുപടി :** നമ്മുടെ ദൈവം സ്നേഹനിധിയാണ്. നാം ചെയ്ത തെറ്റുകൾ മനസ്സിലാക്കി അത് ഏറ്റുപറയുമ്പോൾ, അവിടുന്ന് നമ്മോട് ക്ഷമിക്കുകയും നമ്മെ സ്നേഹത്തോടെ സ്വീകരിക്കുകയും ചെയ്യുന്നു.

**പ്രവർത്തന ലക്ഷ്യം :** ദൈവം സ്നേഹമാണെന്നും, തെറ്റുകൾ ഏറ്റുപറയുന്നവരെ അവിടുന്ന് കൈവിടില്ലെന്നും കുട്ടികളെ പഠിപ്പിക്കുക.

## ആറാം ദിവസം

**ഗാനം**

സ്തുതിച്ചു പാടീടാം നമിച്ചു വാഴ്ത്തീടാം
പ്രപഞ്ച നാഥൻ തൻ നന്മ എന്നുമെന്നുമേ

എത്ര പാടിയാലും എത്ര ചൊല്ലിയാലും
തീരില്ല തൻ നന്മകൾ

ഓ ലാലാലാലാ (3)
എൻ ദൈവമത്യുന്നതൻ

വലത്തു കൈ നീട്ടി ഇടത്ത് കൈ നീട്ടി
അവന്റെ സ്നേഹം എന്നെന്നുമോർത്ത് പാടിടാം
തലയിതാട്ടിയാട്ടി കൈകൾ ചേർന്ന് കൊട്ടി
തൻ സ്നേഹം വർണ്ണിച്ചിടാം

ഓ ലാലാലാലാ (3)
എൻ ദൈവമത്യുന്നതൻ

**ആക്ടിവിറ്റി**

**പ്രദക്ഷിണ വഴി**

പള്ളിയിലെ പ്രദക്ഷിണം എങ്ങനെയാണെന്നും അതിൽ എങ്ങനെയൊക്കെ പങ്കെടുക്കണമെന്നും പ്രദക്ഷിണക്രമം എന്തെന്നും കുട്ടികൾക്ക് ഈ പ്രവർത്തനത്തിലൂടെ പഠിക്കാം.

**ആവശ്യമായ സാധനങ്ങൾ :** സ്ലീവാ (കുരിശ്), മെഴുകുതിരി, മുത്തുക്കുട, വിശുദ്ധരുടെ പടം എന്നിവ വരച്ച ചെറിയ കാർഡുകൾ.

**പ്രവർത്തനം**

**ആരാണ് ആദ്യം ? (വരി നിൽക്കാം)**

അധ്യാപിക കുട്ടികൾക്ക് ഓരോ കാർഡുകൾ നൽകുന്നു. എന്നിട്ട് ഒരു പാട്ട് പാടുമ്പോൾ കുട്ടികൾ പ്രദക്ഷിണത്തിലെ ശരിയായ ക്രമത്തിൽ വരിയായി നിൽക്കണം.

**ക്രമം :** ആദ്യം സ്ലീവാ (കുരിശ്) ഉള്ള കുട്ടി പിന്നെ മെഴുകുതിരി ഉള്ള കുട്ടി പിന്നെ മുത്തുക്കുട ഉള്ള കുട്ടി അവസാനം ബാക്കി കുട്ടികൾ (വിശ്വാസികൾ).

**കുരിശിനെ കണ്ടെത്താം**

പ്രദക്ഷിണത്തിന്റെ ഏറ്റവും മുന്നിൽ സ്ലീവാ (കുരിശ്) ആണ് ഉണ്ടാവുക എന്ന് കുട്ടികളെ പഠിപ്പിക്കുന്നു.

**പ്രവർത്തനം :** അധ്യാപിക ഒരു പാത്രത്തിൽ കുറെ കളിപ്പാട്ടങ്ങൾക്കിടയിൽ ഒരു ചെറിയ കുരിശ് ഒളിപ്പിച്ചു വെക്കുന്നു. ഒരു കുട്ടി ഓടിച്ചെന്ന് ആ കുരിശ് മാത്രം വേഗത്തിൽ എടുത്തു വരണം.

**കുടപിടിച്ചു നടക്കാം**

പ്രദക്ഷിണത്തിൽ മുത്തുക്കുടകൾ ഉണ്ടാകുമല്ലോ. അത് എങ്ങനെ ഭക്തിയോടെ കൊണ്ടുപോകണം എന്ന് നോക്കാം.

**പ്രവർത്തനം :** ഒരു ചെറിയ കുട (അല്ലെങ്കിൽ വടി) കയ്യിൽ പിടിച്ചു

നിലത്ത് വരച്ചിരിക്കുന്ന ഒരു വരിയിലൂടെ തട്ടാതെയും വീഴാതെയും നടക്കുക. നടക്കുമ്പോൾ കുട്ടികൾ **'ഈശോയേ സ്തോത്രം'** എന്ന് ഏറ്റുചൊല്ലണം.

**കുഞ്ഞു ചോദ്യങ്ങൾ (ക്വിസ്)**

**ചോദ്യം :** *പ്രദക്ഷിണത്തിൽ ഏറ്റവും മുന്നിൽ പിടിക്കുന്നത് എന്താണ് ?*

**ഉത്തരം :** സ്ലീവാ

**ചോദ്യം :** *നമ്മൾ സ്ലീവായുടെ പിന്നിലാണോ മുന്നിലാണോ നടക്കേണ്ടത് ?*

**ഉത്തരം :** പിന്നിൽ (വിശ്വാസികൾ ഏറ്റവും പിന്നിൽ നടക്കുന്നു)

**ചോദ്യം :** *പ്രദക്ഷിണത്തിൽ മിണ്ടാതെ നടക്കണമോ അതോ പാട്ടു പാടി നടക്കണമോ ?*

**ഉത്തരം :** ഭക്തിയോടെ പ്രാർത്ഥിച്ചും പാട്ടു പാടിയും നടക്കണം.

**ലക്ഷ്യം :** പ്രദക്ഷിണം എന്നത് ഈശോയോടൊപ്പമുള്ള ഒരു യാത്രയാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക.

## ഏഴാം ദിവസം

ഏലയ്യാ ഏലയ്യാ
കൂട്ടുകാരേ ഓടിവാ (2)
ഏലയ്യാ ഏലയ്യാ ഏലയ്യാ
ഏലയ്യാ ഏലയ്യാ

ബോട്ട് ബോട്ട് നമ്മുടെ
പീറ്റർ അങ്കിൾ ബോട്ട്(2)
അതിൻ റൂട്ട് റൂട്ട്
ഗലീലിയ കടൽ ആണേ
റൂട്ട് റൂട്ട് ഗലീലിയ കടൽ ആണേ

രാ മുഴുവൻ അദ്ധ്വാനിച്ചു
ഒന്നും കിട്ടീല്ല
ഇല്ല ഇല്ല ഇല്ല ഇല്ല ഒന്നും കിട്ടീല്ല

കടൽ മുഴുവൻ വല എറിഞ്ഞു
മീൻ കിട്ടീല്ല
ഇല്ല ഇല്ല ഇല്ല ഇല്ല ഒന്നും കിട്ടീല്ല

യേശുവിന്റെ വാക്ക് അവൻ
കേട്ടുചെയ്തപ്പോൾ

പെരുത്തമീൻ കൂട്ടമവൻ
വലയിൽ കുടുങ്ങി (2)

**വചനപ്പന്ത്**

കുട്ടികളെല്ലാവരും വട്ടത്തിൽ ഇരിക്കുക. ഒരു പന്ത് പരസ്പരം കൈമാറണം. അധ്യാപിക പാട്ട് നിർത്തുകയോ കൈയടിക്കുകയോ ചെയ്യുമ്പോൾ പന്ത് ആരുടെ കൈയിലാണോ ഇരിക്കുന്നത്, അവർ ഈ വരികൾ ഉറക്കെ ചൊല്ലണം:

'ഈശോയുടെ കുഞ്ഞുമക്കളേ, സുകൃതജീവിതം നമ്മെ ഈശോയുടെ പ്രിയപ്പെട്ട മക്കളാക്കി മാറ്റുന്നു'.

**വിശ്വാസം :** ഈശോ എപ്പോഴും കൂടെയുണ്ടെന്ന ബോധ്യം.

**കരുണ :** മറ്റുള്ളവരെ സഹായിക്കാനുള്ള മനസ്സ്.

**സുകൃതം :** നല്ല കാര്യങ്ങൾ ചെയ്ത് ഈശോയുടെ ഇഷ്ടപ്പെട്ട കുട്ടികളായി മാറുക.

## എട്ടാം ദിവസം

**ഗാനം**

കന്തീശാ ആലാഹാ
കന്തീശാ ഹൈൽസാനാ
കന്തീശാ ലാമായോസ
എസ്രാഹം ആലൈൻ

**ഈശോയുടെ കൊച്ചു കൂട്ടുകാർ**

ഈ പ്രവർത്തനത്തിലൂടെ സേവനം (മറ്റുള്ളവരെ സഹായിക്കൽ), സുവിശേഷം (ഈശോയെപ്പറ്റി പറയുക) എന്നീ കാര്യങ്ങൾ കുട്ടികൾക്ക് പഠിക്കാം.

**ആവശ്യമായ സാധനങ്ങൾ :** നൂൽ, പൂക്കളുടെ ആകൃതിയിലുള്ള കടലാസ് കഷ്ണങ്ങൾ അതിലെഴുതിയ ലളിതമായ വാക്കുകൾ - ഈശോ, സ്നേഹം, സേവനം, സന്തോഷം. ഒരു ചെറിയ കൊട്ട (ഇതിനെ 'മിഷൻ ബോക്സ്'എന്ന് വിളിക്കാം).

**പ്രവർത്തനം :** കുട്ടി നേതാവിനെ കണ്ടെത്താം

ക്ലാസ്സിനെ രണ്ട് ഗ്രൂപ്പായി തിരിക്കുക. ഓരോ ഗ്രൂപ്പിലും ഒരു 'ലീഡറെ' (സെക്രട്ടറി) നിശ്ചയിക്കുക. ലീഡറുടെ കയ്യിൽ ഒരു കൊട്ട കൊടുക്കുക.

**പൂക്കൾ കണ്ടെത്താം**

അധ്യാപിക ക്ലാസ്സിന്റെ പല ഭാഗത്തായി **''ഈശോ'', ''സ്നേഹം''** എന്ന് എഴുതിയ പൂക്കൾ ഒളിപ്പിച്ചു വെക്കുന്നു. ഓരോ ഗ്രൂപ്പിലെയും കുട്ടികൾ ഓരോരുത്തരായി ഓടിച്ചെന്ന് ഒരു പൂവ് എടുക്കണം.

തിരികെ വരുമ്പോൾ വെറുതെ വരാതെ, കൈകൾ കൂപ്പി **'ഈശോയ്ക്ക് സ്തോത്രം'** എന്ന് പറഞ്ഞു വരണം. എന്നിട്ട് ആ പൂവ് തന്റെ ഗ്രൂപ്പ് ലീഡറുടെ കൊട്ടയിൽ ഇടണം.

**വാചകം പൂർത്തിയാക്കാം**

എല്ലാ പൂക്കളും കിട്ടിക്കഴിഞ്ഞാൽ ലീഡർ ആ വാക്കുകൾ ചേർത്ത് വെക്കണം. ഈ പ്രവർത്തനത്തിലൂടെ കുട്ടികൾ പഠിക്കുന്നത്.

**കൂട്ടായ്മ :** കൂട്ടുകാരോടൊപ്പം ചേർന്ന് പ്രവർത്തിക്കാൻ പഠിക്കുന്നു.

**സേവനം :** മറ്റുള്ളവരെ സഹായിക്കുന്നത് നല്ല കാര്യമാണെന്ന് മനസ്സിലാക്കുന്നു.

**സന്തോഷം :** ഈശോയെപ്പറ്റി പറയുന്നത് സന്തോഷമുള്ള കാര്യമാണെന്ന് അറിയുന്നു.





# ശിശു വിഭാഗം

**സന്ദേശനിലയം**
**ചങ്ങനാശ്ശേരി**